# പുണ്യാത്മാവായ ഡൺസ്റ്റനച്ചൻ



ജീവിതമദ്ധ്യേ വിശുദ്ധരായവരുണ്ട്. ജീവിതത്തിന്റെ അന്ത്യത്തിൽ വിശുദ്ധരായവരുണ്ട്. ജീവിതകാലം മുഴുവൻ വിശുദ്ധരായവരുണ്ട്.അവസാനഗണത്തിൽ പെടുന്ന പുണ്യാത്മാവാണ് ബഹുമാനപ്പെട്ട ഡൺസ്റ്റനച്ചൻ.1920 നവംബർ 27ന് പാവറട്ടിയിൽ ഒലക്കേങ്കിൽ പൗലോസ്–മറിയം ദമ്പതികളുടെ നാലാമത്തെ മകനായി അദ്ദേഹം ജനിച്ചു. ക്രിസ്തീയ ചൈതന്യം നിറഞ്ഞ കുടുംബാന്തരീക്ഷത്തിലാണ് അദ്ദേഹം വളർന്നു വന്നത്. മാതാപിതാക്കളുടെയും മൂത്ത സഹോദരി കുഞ്ഞേത്തിയുടെയും ക്രിസ്തീയജീവിത മാതൃക ഡൺസ്റ്റനച്ചന്റെ കുട്ടിക്കാലത്തെ വളരെയധികം സ്വാധീനിച്ചു. അതിന്റെ ഫലമായി ഏഴാമത്തെ വയസ്സിൽ ഒരു വിശുദ്ധനാകണമെന്ന് അദ്ദേഹം തീരുമാനമെടുത്തു. സ്വരാജ്യസ്നേഹത്താൽ ഭാരതത്തിലെ ആദ്യത്തെ പുണ്യവാനാകുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചു. അതിനുള്ള മാർഗ്ഗം സന്യാസജീവിതമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ 1935ൽ യോഗാർത്ഥി ഭവനത്തിൽ ചേർന്നു. സന്യാസ വൈദിക പരിശീലനത്തിനു ശേഷം 1947ൽ ചെത്തിപ്പുഴയിൽ വച്ച് പൗരോഹിത്യം സ്വീകരിച്ചു. അതിനു ശേഷമുള്ള 59 വർഷങ്ങളിൽ ഭൂരിഭാഗവും സേവനമനുഷ്ഠിച്ചത് സന്യാസ വൈദികാർത്ഥികളെ പരിശീലിപ്പിക്കുന്നതിലായിരുന്നു. സി.എം.ഐ. സഭയിലെ ആദ്യകാല മിഷനറിമാരിലൊരാളാകാൻ അതിയായി ആഗ്രഹിച്ചെങ്കിലും അനുസരണത്തിൻ കീഴിൽ ഇഷ്ടമില്ലാത്ത യോഗാർത്ഥി പരിശീലകന്റെ ദൗത്യം ദൈവഹിതമായി അദ്ദേഹം ഏറ്റെടുത്തു.

ഡൺസ്റ്റനച്ചന്റെ വിശുദ്ധ ജീവിതത്തിന്റെ അടിസ്ഥാനം സത്യത്തോടുള്ള അതിയായ സ്നേഹമാണ്. അത് അദ്ദേഹത്തിന്റെ ജീവിത പ്രമാണമായിരുന്നു. തന്റെ ആത്മീയാനുഭവ കുറിപ്പിൽ അദ്ദേഹം എഴുതി: 'സത്യമായതു വിശ്വസിക്കുക, വിശ്വസിക്കുന്നതു പറയുക, പറയുന്നതു പ്രവർത്തിക്കുക. സത്യത്തിന്റെ അംഗീകരണത്തിൽ നിന്നേ നീതി പുലരുകയുള്ളൂ.' സനാതനസത്യമായ ദൈവത്തിൽ ഒന്നായിത്തീരുവാൻ അതിയായി ആഗ്രഹിച്ച ഡൺസ്റ്റനച്ചൻ സ്വന്തം ജീവിതത്തിൽ സത്യത്തിന്റെയും നീതിയുടെയും പ്രവാചകനായി. 'യാഥാർത്ഥ്യം തന്നോട് ആവശ്യപ്പെട്ട സമയങ്ങളിൽ ഒരിക്കലും മനഃപൂർവ്വം കള്ളം പറഞ്ഞിട്ടില്ല,' എന്ന അദ്ദേഹത്തിന്റെ സ്വയം വെളിപ്പെടുത്തൽ വഴി, ഈ സത്യസ്നേഹത്തിന്റെ ആഴവും വ്യാപ്തിയും തിരിച്ചറിയാനാകും. അതുകൊണ്ടു തന്നെ തന്റെ

മന:സാക്ഷിയെ ദൈവത്തിന്റെ നീതിയോട് ചേർത്തു വയ്ക്കാൻ ഡൺസ്റ്റനച്ചനു സാധിച്ചു.

പ്രാർത്ഥന ജീവിതമാക്കിയ അദ്ദേഹം, ദേവാലയത്തിൽ ദീർഘനേരം ചിലവിട്ടു. ധ്യാനലീനനായി മുട്ടുകുത്തി ദിവ്യകാരുണ്യ സന്നിധിയിൽ ഈശോയുമായി നിരന്തരം സംഭാഷിക്കുന്ന ഡൺസ്റ്റനച്ചൻ ഏവർക്കും പ്രചോദനമായി.

ഉത്തമ സന്യാസിയായിരുന്ന ഡൺസ്റ്റനച്ചന്, അനുസരണമെന്നത് അധികാരികളോടുള്ള 'വഴിപ്പെടൽ' ആയിരുന്നു. ദൈവപരിപാലനയിൽ ആശ്രയിച്ച്, ലാളിത്യം ജീവിത ശൈലിയാക്കിയ അദ്ദേഹത്തിന്, ദൈവത്തെ അല്ലാതെ 'ആരേയും സേവിക്കാതെ മനസ്സിന്റെ ശ്രേഷ്ഠത പാലിക്കാൻ' ദാരിദ്ര്യവ്രതം സഹായകമായി. ബ്രഹ്മചര്യവ്രതത്തിലൂടെ സ്വാഭാവിക സ്നേഹബന്ധങ്ങളെ അതിജീവിച്ച് ആത്മീയബന്ധങ്ങൾക്ക് അടിസ്ഥാനമിടാൻ അച്ചന് സാധിച്ചു. സന്യാസസമൂഹത്തിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്ന സ്നേഹിതരല്ല, മറിച്ച് ദൈവം നൽകിയ സഹോദരന്മാരാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

ഈശോയുടെ അനുകമ്പയുടെ മറുവാക്കായ ഡൺസ്റ്റനച്ചൻ, അനുരഞ്ജന ശുശ്രൂഷയ്ക്കണയുന്നവരുടെ ആശ്വാസമായിരുന്നു. സ്വജീവിതത്തിൽ സഹനത്തിന്റെ ദാസനായിരുന്ന അദ്ദേഹം, രോഗികളുടെ സ്നേഹ ശുശ്രൂഷകനായിരുന്നു. മറവിയെന്ന കുറവിനെ, എളിമയോടെ ദൈവഹിതമായി സ്വീകരിച്ചപ്പോഴും, ആത്മീയ കാര്യങ്ങളിലും സുകൃതപാലനത്തിലും, ഓർമ്മക്കുറവ് അശേഷം പോലും അദ്ദേഹത്തെ ബാധിച്ചില്ല.

ചുരുക്കത്തിൽ, സ്വന്തം രാജ്യത്തിന്റെ വിശുദ്ധിക്കും അഭിമാനത്തിനും വേണ്ടി പുണ്യവാനാകാൻ ആഗ്രഹിച്ച ഇട്ടൂപ്പുണ്ണിയെന്ന കൊച്ചുബാലൻ, സത്യസ്നേഹത്തിൽ അടിസ്ഥാനമിട്ട്, വിശ്വാസത്തിന്റെയും എളിമയുടെയും സഹനത്തിന്റെയും മാർഗ്ഗത്തിലൂടെ, ദൈവപരിപാലനയിൽ ആശ്രയിച്ച്, സാർവ്വത്രിക സഭയുടെ പുണ്യാത്മാവായ ഡൺസ്റ്റനച്ചനായി! വിശുദ്ധിയിൽ ജീവിക്കാൻ, ക്രിസ്തു സാക്ഷികളാകാൻ, ഈ വിശുദ്ധാത്മാവിന്റെ ജീവിതം നമുക്ക് പ്രചോദനമാകട്ടെ. പുണ്യാത്മാവായ ഡൺസ്റ്റനച്ചന്റെ മാദ്ധ്യസ്ഥം നമുക്കപേക്ഷിക്കാം.

**ഫാ. തോമാസ് ചാത്തംപറമ്പിൽ സി.എം.ഐ.**

പ്രിയോർ ജനറൽ